# ജി.എച്ച്.എസ്സ്.എസ്സ്

# കൊയ്യം

# തേൻവരിക്ക

ഡിജിറ്റൽ മാഗസിൻ



A LITTLE KITE

UNIT

INITIATIVE

# ഈ മാഗസിനെ പറ്റി അല്പം

1974 ഇൽ ആരംഭിച്ച കൊയ്യം സർക്കാർ സ്ക്കൂൾ ഈ വർഷം സുവർണ ജൂബിലി ആഘോഷിക്കുകയാണ്.വികസനത്തിന്റെ നേട്ടങ്ങൾ ഏറെയൊന്നും

എത്തിപെടാതിരുന്ന ഈ ഗ്രാമ പ്രദേശത്തു 50 വർഷങ്ങൾക്കു മുൻപ് പരേതനായ ശ്രീ സി പി ഗോവിന്ദൻ നമ്പ്യാരുടെ ശ്രമം ഫലമായാണ്

സ്ക്കൂളിന് തുടക്കം കുറിച്ചത്.ഈ നാട്ടിലെ ഉദാര മതികളായ ജനങ്ങളുടെ ഒത്തൊരുമയുടെയും കൂട്ടായിമയുടെയും ഫലമായാണ് ഈ സ്ക്കൂൾ വളർന്നു വന്നത്

സുവർണജൂബിലി ഫെബ്രുവരി മാസം ആരംഭിച്ചു വിവിധങ്ങളായ പരിപാടികളിലൂടെ ഒരു വർഷം നീളുന്ന രൂപത്തിലാണ് ക്രമീകരിച്ചിട്ടുള്ളത് .പൂർവ വിദ്യാർത്ഥി

സംഗമം ,രക്ഷാകർതൃ സംഗമം ഗെയിമസ് മത്സരങ്ങൾ എന്നിവ ആഘോഷത്തിന്റെ ഭാഗമായി നടത്തപ്പെടും.വളരെ പരിമിതമായ സമയത്തിനുള്ളിൽ ഈ മാഗസിൻ

ഉണ്ടാക്കേണ്ടി വന്നതിനാൽ കാര്യമായി സൃഷ്ടികൾ ഉൾക്കൊള്ളിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നിരുന്നാലും ലിറ്റിൽ കൈറ്റ് കുട്ടികളായ നമ്മൾ തേൻവരിക്ക എന്ന

പേരിലുള്ള ഈ ഡിജിറ്റൽ മാഗസിൻ ഈ സുവർണ ജൂബിലി വർഷത്തിൽ പുറത്തിറക്കുകയാണ്

**സ്റ്റുഡെൻ്റ് എഡിറ്റർ**
**സാരംഗ് കെ വി**

# മനോഭാവനിമിഷം

പ്രകൃതിയെൻ മനോഭാവത്തി-
ലണയുന്ന മനുഷ്യനോ
എൻ തണലിൽ ചാഞ്ഞിരിക്കു
മ്പോഴുള്ള സംഗീതമോ

പൂക്കളെൻ വിരൽ തുമ്പി
ലണയുന്നേരം
വീഴ്ചയെൻ മനസ്സിലെ-
ങ്ങോ അലയുന്നേരം

അവിടെയെൻ
തുറന്നിരിക്കുവിൻ
ഇവിടെയെൻ കുഴി
മൂടിയിരിക്കുവിൻ

മനോഭാവ നിമിഷങ്ങൾ
ഒാരോന്നും കടന്ന് പോകുന്നേരം
മനുഷ്യനാണിത് എന്ന്
എൻ മനോഭാവത്തിനറിയാം

റഫ മുസ്തഫ എ 9A

# എന്റെ പാതി

സമയം അർദ്ധരാത്രി മൂന്ന് കഴിഞ്ഞിരിക്കുന്നു (3:14)
നേരം പുലരാൻ ഇനി അൽപസമയം കൂടി...,
എൻ മനസ്സിൽ നിന്നെ കുറിച്ചുള്ള ചിന്തകളുടെ
കുത്തൊഴുക്ക്  വന്നുകൊണ്ടിരിക്കുന്നു
നീ എന്ന  നിലാവ് എന്നിൽ വേരിട്ട് ഇറങ്ങിയത്
എത്രമാത്രം ആണെന്ന് ഇക്കഴിഞ്ഞ രണ്ട് ദിനങ്ങളിലായി
സംശയമേതുമ്മില്ലാത്തവിധം
തെളിയിക്കപ്പെട്ടിരിക്കുന്നു
എന്നിലെ വസന്തം നീ മാത്രമാകുന്നു.
എന്നിലെ സ്നേഹവും,ദുഃഖവും,വാശിയും എല്ലാം
എല്ലാം നീ മാത്രമാകുന്നു
ഇൗ രാത്രിയുടെ നിശബ്ദതയിലും, നദിയുടെ
കുത്തൊഴുക്കിലും കാറ്റിൻ തലോടലിലും , കിളികളുടെ
മധുര നാദങ്ങളിലും ഞാൻ കേൾക്കുന്നത്
ഒന്നുമാത്രം , കാണുന്നതൊന്നുമാത്രം
നിന്റെ കളങ്കമില്ലാത്ത തീവ്രപ്രണയം മാത്രം .
നിന്നിൽ ലയിച്ചവളാണു ഞാൻ , നിന്റെ മാത്രം .
കളങ്കമില്ലാത്ത ആദ്യ ചുംബനത്തിന്റ ചൂട്  ഇന്നും
ഈ നെറ്റിയിൽ തഴുകി മറയുന്നു ,
ഓരോ ദിനം തോറും എന്നിൽ നീ കൂടുതൽ , കൂടുതൽ
ആഴ്ന്നിറങ്ങുകയാണ്.
നിന്നെ പിരിയുക എന്നത് എനിക്ക് മരണത്തേക്കാൾ
ഭയാനകമാണ്. എന്റെ മരണമാണത്.

Shikha
8b

# കൈയൊപ്പ്

മോളെ നീ നന്നായിരിക്കുന്നു എന്ന് കരുതുന്നു. എനി അങ്ങനെ ആണെങ്കിലും അല്ലെങ്കിലും അങ്ങനെകേള്ക്കാനാണീ ഉമ്മാക്കിഷ്ടം. ഇന്നെനിക്ക് എഴുതാൻ ഒരുപാട് വിശേഷങ്ങളൊന്നുമില്ല. ഒന്ന് ഇളകാൻ പോലും പറ്റാതെ മൂലക്ക് ഇരിക്കുന്ന ഈ വയസ്സായ സത്രീക്ക് എന്ത് വിശേഷമാണുള്ളത് . എങ്കിലും നീ കാണതിരിക്കുന്നുണ്ട് എനിക്ക്അറിയാം. അതുകൊണ്ട് മാത്രമാണ് ഞാൻ ഈ കത്ത് എഴുതുന്നത് . ഒരുപാട് നിർബന്ധിച്ചിട്ടാണ് നാസിം എനിക്ക് എഴുതി തന്നത് നിനക്ക് അറിയാലോ. പണ്ട് മുതലേ കത്ത് എഴുതിയും വായിച്ചും ഒന്നും ഈ ഉമ്മക്ക് ശീലമില്ലെന്ന് അതിൽ പുറമേ ബാപ്പ കാണാതെ ഒളിച്ചും പാത്തും എഴുതുക എന്നത് ഒരുപാട് പ്രയാസമാണെന്ന് നിനക്ക് അറിയില്ല. ഞാൻ ഈ പറയുന്നത് നിന്നെ പ്രയാസപ്പെടുത്താനല്ല. എപ്പോഴും ഉമ്മാക്കിങ്ങനെ എഴുതാൻ കഴയില്ല എന്നുളള ബോധം നിനക്ക് എണ്ടാവാൻ വേണ്ടിമാത്രയാണ്.എന്റെ കുഞ്ഞാതു എന്ത് പറയുന്നു. നിന്റെ മോർഡേൺ പേരൊന്നും വിളിക്കാൻ എനിക്കറിയില്ല. ഞാൻ അവളെ കുഞ്ഞാതു എന്നേ വിളിക്കു. എനിക്ക് അവളെ ഒന്ന് കാണാൻ വളരെ ആഗ്രഹമുണ്ട്.പക്ഷെ  ഒരിക്കലും  ഈ

വീട്ടിലേക്ക് നിന്നെ തിരിച്ച് ക്ഷണിക്കാൻ എനിക്ക് സാധിക്കില്ല. ഏതൊരു പിതാവിനെ പോലെ മാത്രമാണ് ഉപ്പയും ചിന്തിച്ചിട്ടുള്ളു ഉപ്പ ഒരു ക്രൂരനാണെന്ന് നീ ഒരിക്കലും കരുതരുത്. ഉപ്പ ഒരു     ക്രൂരനാണെന്ന് നിനക്കാ് തോന്നാതിരിക്കാനാണ് ഞാൻ നിന്നെ വീട്ടിലേക്ക് വിളിക്കാതിരുന്നത്. നിനക്കറിയാമല്ലോ ഉപ്പയുടെ അവസ്ഥ. നീ ഇവിടുന്ന് ഇറങ്ങിയത് മുതൽ ഇല്ലാതായതാണ് ആ മനുഷ്യൻ . ഇനിയും അതിനെ വേദനിപ്പിക്കാൻ എനിക്ക് വയ്യ. നിന്നെ ഒരിക്കൽ

വീട്ടിലേക്ക് വിളിക്കണം എന്നാണ് എന്റെ ആഗ്രഹം. ഒരിക്കൽ അത് നടക്കുമെന്നാണ് വിശ്വസ്തതയോടെ നിന്റെ പൊന്ന് ഉമ്മ, ഒപ്പ്. ഇത്രയും വായിച്ചു കഴിഞ്ഞപ്പോൾ അവളുടെ കണ്ണ് നിറഞ്ഞിരിക്കുന്നു. ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു . ഒരു നിമിഷം അവൾ ഒന്ന് പൊട്ടിക്കരഞ്ഞു. ഉമ്മ അയച്ച ഓരോ കത്തുകളുംഅടുക്കി വെച്ചവൾ അതിനുശേഷം അടുക്കിവയ്ക്കാനും വായിക്കാനും ഇനി ഒരു കത്ത് അവൾക്ക് വന്നിട്ടില്ല. ഓരോ കത്ത് വായിച്ച് കഴിഞ്ഞിട്ടും അവളുടെ മനസ്സിൽ തെളിയുന്നത് അവൾ ഇറങ്ങിപ്പോയ ആ ദിവസം  "നീ പോവല്ലേ" എന്നുള്ള ഉമ്മമാന്റെ കരച്ചിൽ മാത്രമാണ് . ഒന്നും കേട്ട ഒരു ഭാവം പോലും നടിക്കാത്ത മറ്റൊരു മതത്തിൽ തന്റെ കാമുകന്റെ  ക്രൂടെ അവന്റെ ക്രൂട്ടുക്കാർക്ക് ഇടയിലൂടെ അവൾ ഇറങ്ങി എന്ന് തന്നെ വിളിച്ച് കരയുന്ന ഉമ്മയെയും ഉപ്പയെയും ഒന്ന് നോക്കാൻ പോലും അവൾക്ക് സമയം ഉണ്ടായിരുന്നില്ല. കൗതുക ലോകത്തേക്ക് കാല് വെക്കാനുള്ള വെപ്രാളം ആയിരുന്നു.     കൗതുക ലോകത്തേ ക്ക് കാൽ വെക്കാനുള്ള വെപ്രാളമായിരുന്നു, അതിന്റെ കൗതുകമായിരുന്നു ആ  ദിവസം അവൾക്ക് . ഉമ്മ ബോധരഹിത ആയപ്പോഴും അവൾ പോയിക്കഴിഞ്ഞിരുന്നു ഇതെല്ലാം അവളെ വേദനിപ്പിച്ചിരുന്നു . ഓരോ തവണ ആ കത്ത് വായിക്കുമ്പോഴും അവൾക്ക് തന്നെ  കൊല്ലാനുള്ള ദേഷ്യമായിരുന്നു. ഞാൻ എന്തിനാണ് അങ്ങനെ  അന്ന് ചെയ്യ്തത് എന്ന് ഓർത്ത് അവൾ എപ്പോഴും അവളെ തന്നെ വെറുത്തുകൊണ്ടിരുന്നു. ആദ്യത്തെ കുറച്ച് മാസം മാത്രമാണ് ആ വസന്തകാലം ഉണ്ടായിരുന്നുള്ളു . അതിനുശേഷം കുറേ കരഞ്ഞുണങ്ങിയ ഓർമ്മകൾ അല്ലാതെ വേറൊന്നും ഇല്ല അവൾക്ക് ഓർത്തുവെയ്ക്കാനോ പറയാനോ ഞാൻ എന്തിന് വേണ്ടി പോന്നു എന്ന് പറയാനോ അവൾക്ക് ഒന്നും തന്നെ ഇല്ല. ആ ദിവസത്തിനു ശേഷം നല്ല ഒരു വസ്ത്രമോ നല്ല കാഴ്ച്ചകളോ ഭക്ഷണമോ അവൾ കണ്ടിട്ടില്ല. അവളും അവളുടെ കുഞ്ഞുങ്ങളുമായിട്ടുള്ള അവളുടെ ഒരു ലോകം മാത്രമാണ്. മക്കൾക്ക് വേണ്ടി മാത്രമല്ല അതിലുപരി അവളുടെ ഉമ്മ ജീവിച്ചിരിക്കുന്നു

എന്ന അടയാളമുള്ള കത്തിന് വേണ്ടി മാത്രം. ഇപ്പോൾ ഇതാ അതും അവസാനിച്ചിരിക്കുന്നു . പടച്ചവനെ എനി എന്തിനാണ് ഞാൻ  ജീവിക്കുന്നത് . ജീവിക്കാൻ നയിച്ചിരുന്ന എല്ലാം ഓരോന്നോരോന്നായി നശിച്ച് കൊണ്ടിരിക്കുന്നു . ഇത്തിരി ഓർമ്മകൾ മാത്രമല്ലാതെ ബാക്കി എന്തുണ്ട് .ഇന്നവൾ  ഉപ്പ എന്നു വിളിച്ചുകൊണ്ട് ആ മുറ്റത്തേക്ക് കയറിച്ചെല്ലാൻ അവൾക്ക് തോന്നാറുണ്ട് ; പക്ഷെ ഉമ്മയുടെയും ഉപ്പയുടെയും എല്ലാ ബന്ധുക്കളുടെയും നാട്ടുകാരുടെയും മുമ്പിൽ തല കുനിക്കേണ്ടി വന്ന ആ ദിവസത്തെയും

ഓർത്ത് ഒരിക്കലും അവൾ ആ മുറ്റത്തേക്ക് കയറിച്ചെന്നില്ല . ഉപ്പാനോട് മാപ്പ് ചോദിക്കാൻ പോലും ഉള്ള ഒരു

ധൈര്യം പോലും അവൾക്ക് ഉണ്ടായിരുന്നില്ല . എനി എനിക്ക് പോണം അല്ലെങ്കിൽ ഞാനൊരു ഭ്രാന്തി ആയിത്തീരും .

കാല ചക്രവാളം അവളെയും കത്ത് എഴുതിപ്പിച്ചു . മോളെ നിനക്ക് സുഖം തന്നെയല്ലേ..........എന്ന് നിന്റെ പൊന്ന് ഉമ്മ കൈയ്യൊപ്പ് .

ഫലീല . കെ . പി . 9A
9A

# സാഹചര്യം

നഗരത്തിൽ ജോലിചെയ്യുന്ന ഒരു സാധാരണ നാട്ടിൻപുറത്തുകാരൻ. നല്ല ജോലി ലഭിച്ചതിന്റ സന്തോഷം ഒന്നും അവന്റെ മുഖത്ത് ഉണ്ടായിരുന്നില്ല. കാരണം പുതിയ സാഹചര്യവുമായി അവന് പൊരുത്തപ്പെടാൻ കഴിയുന്നില്ല. അവന്റെ അടുത്ത് വിളിച്ചു പറഞ്ഞു. " നീ ആ സ്കൂട്ടർ കണ്ടോ? ഇത് ഞാൻ ആദ്യത്തെ ശമ്പളം കൊണ്ട് വാങ്ങിയതാണ്. എന്നാലിപ്പോൾ ഇത് പഴഞ്ചനായി നീ ഈ സ്കൂട്ടർ നിനക്ക് പരിചയമുള്ള 3 പേരെ കാണിക്കണം. അതിനുശേഷം ഇത് കഴുകി വൃത്തിയാക്കി ആദ്യത്തെ ആ 3പേർക്ക് തന്നെ കാണിച്ച് കൊടുക്കുക " അവൻ അച്ഛൻ പറഞ്ഞ പോലെ ചെയ്തു. ആദ്യം ആ സ്കൂടർ കണ്ട 3 പേർക്കും അത് തീരെ ഇഷ്ടപ്പെട്ടില്ല. പിന്നീട് വൃത്തിയാക്കി വീണ്ടും ആ 3 പേർക്ക് തന്നെ കാണിച്ചു. അപ്പോൾ അവർ പറഞ്ഞു എത്ര പൈസ വേണമെങ്കിലും തരാം എനിക്ക് ഇത് തരണം എന്ന് അവൻ അച്ഛന്റെ അടുത്തേക്ക് തിരിച്ചു പോയി.അച്ഛൻ പറഞ്ഞു പുതിയ സാഹചര്യവുമായി നീയാണ് മോനേ മാറേണ്ടത്ഇല്ലെങ്കിൽ ഇ സ്കൂട്ടർ പോലെ ആയിരിക്കും നീ.

ആർക്കും വേണ്ടാതെ നീയിരിക്കും.അവൻ തന്റെ തെറ്റ് മനസിലാക്കി.

Arunim.T
9A
*Ghss koyyam*

# ക്രൂരനായ രാജാവ്

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ബാബർ എന്ന് പേരുള്ള ഒരു രാജാവ് ഉണ്ടായിരുന്നു . ആ രാജാവ് വളരെ ക്രൂരനായിരുന്നു . ആ രാജാവിന് ഒരു മകളുണ്ടായിരുന്നു . അവളുടെ പേര് എറോറ എന്നായിരുന്നു . ആവൾ വളരെ സുന്ദരിയായിരുന്നു അവൾക്ക് പതിനാറ് വയസായിരുന്നു അവൾക്ക് മൃഗങ്ങളെയും പക്ഷികളെയും വളരെയേറെ ഇഷ്ടമായിരുന്നു . അങ്ങനെ ഒരു ദിവസം എറോറ ബാബർ രാജാവിനോട് ചോദിക്കാതെ അവളുടെ കുതിരെയും കൂട്ടി ആ ചെറിയ ഗ്രാമം കാണാനായി ഇറങ്ങി . അവൾ അങ്ങനെ ആ ഗ്രാമത്തിലെത്തി . അപ്പോൾ അവിടെ അവൾ ഒരു കുടിൽ കണ്ടു . അവൾക്ക് നല്ല രീതിയിൽ വിശക്കുന്നുണ്ടായിരുന്നു . അവൾ കുതിരയിൽ നിന്ന് ഇറങ്ങി .കുടിലിലേക്ക് നടന്നു . അതിന്റെ കതകിൽ തട്ടി . അപ്പോൾ അവിടെയുള്ള ഒരു സ്ത്രീ കതക് തുറന്നു . അപ്പോൾ എറോറ അവരോട് പറഞ്ഞു എനിക്ക് വിശക്കുന്നു എന്തെങ്കിലും തിന്നാൻ തരുമോ? എപ്പോൾ എറോറ പറഞ്ഞു എനിക്ക് വിശക്കുന്നു . എനിക്കെന്തെങ്കിലും തിന്നാൻ തരുമോ? അപ്പോൾ സ്ത്രീ പറഞ്ഞു . നീ ഇങ്ങോട്ട് കയറി ഇരിക്കൂ . എറോറ ആ കുടിലിൽ കയറി ഇരുന്നു . ആ സ്ത്രീ അവൾക്ക് ഭക്ഷണം എടുക്കാൻ അടുക്കളയിലേക്ക് പോയപ്പോൾ അവളും പിന്നാലെ

അടുക്കളയിലേക്ക് പോയി . അവൾക്ക് ആ വീടും ആ സ്ത്രിയെയും

വളരെ ഇഷ്ടമായി . അവൾ അവിടെനിന്ന് ഭക്ഷണം കഴിച്ച് ഇറങ്ങി . അവർ കുതിരയിൽ കയറി യാത്രയായി . പോകുന്ന വഴിയിൽ ഒരു ചെക്കൻ വയലിൻ വായിക്കുന്നുണ്ടായിരുന്നു . അവൾക്ക് വയലിൻ വളരെ

ഇഷ്ടമായി . അവൾ കുതിരയിൽ നിന്ന് ഇറങ്ങി . അവൾ അവനോട് ചോദിച്ചു . നീ എവിടെയാണ് ?അവൻ പറഞ്ഞു ഞാൻ അയൽ രാജാവിന്റെ മകനാണ് . പേര് റോബിൻ . ഞാൻ നാട് ചുറ്റാൻ ഇറങ്ങിയതാണ് . നീയാരാണ് ? എന്റെ പേര് എറോറ . ഞാനും ഈ നാട്ടിലെ രാജാവിന്റെ മകളാണ് . നാനും നിന്നെപ്പോലെ ഈ നാട് ചുറ്റാൻ ഇറങ്ങിയതാണ് എന്റ അച്ഛൻ വളരെയേറെ ക്രൂരനാണ് അയാൾ ഇപ്പോൾ എന്നെ അന്വേഷിക്കുന്നുണ്ടാക്കും റോബിൻ പറഞ്ഞു എന്നാൽ നമുക്ക് ഒന്നിച്ച പുറപ്പെട്ടാലോ ആ എന്ന് പറഞ്ഞു. അവർ അവരുടെ ക്കുതിരയിൽ കയറി യാത്ര പുറപ്പെട്ടു അപ്പോൾ ആണ് അവർ ആ വാർത്ത കേൾക്കുന്നത് രാജാവിന്റെ മകളായ എറോറയെ കാൺമാനില്ല എന്ന വാർത്ത കണ്ടുപിടിക്കുന്നവർക്ക് എറോറയെ വിവാഹം ചെയ്തു കൊടുക്കാം എന്ന വാർത്ത അവർ കേട്ടത്. അപ്പോൾ എറോറ. പറഞ്ഞു നീ എന്നെ എന്റെ രാജകൊട്ടാരത്തിന്റെ മുമ്പിൽ എന്റെ അച്ഛന്റെ മുൻമ്പിൽകൊണ്ടാക്കു എന്നെ അച്ഛൻ വളരെ ക്രൂരനാണ്. നീ

എന്നെ അവിടെ ആക്കിയാലും അച്ഛൻ നിനക്ക് എന്തെങ്കിലും പണിതെരാതിരിക്കില്ല. അപ്പോൾ റോബിൻ പറഞ്ഞു. ഇത് എനിക്ക് അറിയാം അച്ഛൻ എന്ത് തന്നാലും ഞാൻ അത് ചെയ്യും. അങ്ങനെ അവർ കോട്ടാരത്തിലേക്ക് പുറപ്പെട്ടു അവൾ പറഞ്ഞു നീ കോട്ടാരത്തിലേക്ക് കയറിപോകു. എനിട്ട് പറയണം നിങ്ങളുടെ മക്കളെ എനിക്ക് തടാകത്തിനടുത്ത് നിന്ന് കിട്ടി. എന്ന് പറയണം. അങ്ങനെ അവർ കൊട്ടാരത്തിലേത്തി. റോബിൻ രാജാവ്

അവിടെക്ക് കയറി. രാജാവിനോട് പറഞ്ഞു.രാജാവ് ചോദിച്ചു. നീ അവളെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നണ്ടോ തീർച്ചയായും. അപ്പോൾ രാജാവിന്റെ തലയിൽ ഒരു ബുദ്ധി ഉതിച്ചു. ഞാൻ നിനക്ക് ഒരു മൂന്ന് ബോക്സ് തരും അതിൽ നിന്ന് നീ എറോറയുടെ ഫോട്ടോയുള്ള ബോക്സ് തിരഞ്ഞെടുത്താൽ നിന്നക്ക് എറോറയെ തീർച്ചയായും വിവഹം ചെയ്യാം അവൻ സമ്മതിച്ചു. അവൻ ഒരു ബോക്സ് തിരഞ്ഞെടുത്തു ആദ്യത്തെ ബോക്സ് വെള്ളിയും , രണ്ടാമത്തെതിൻ സ്വർണവും , മൂന്നാമത്തെതിൽ പല വർണ്ണങ്ങൾ കൊണ്ട് പൊതിഞ്ഞ ബോക്സും റോബിൻ അതിൽ നിന്ന് വർ-ണ്ണത്താൽ നിറഞ്ഞ ബോക്സ് തിരഞ്ഞെടുത്തു അതിൽ എറോറയുടെ ഫോട്ടോയായിരുന്ന ഉണ്ടായത്. അപ്പോൾ രാജാവ് ചോദിച്ചു. നീ അത്

തിരഞ്ഞെടുക്കാൻ കാരണം എന്താണ്. എനിക്ക് സ്വർ-ണത്തിനോടും വെള്ളിയോടും താൽപര്യമില്ല. കാരണം ഞാൻ അയൽ രാജ്യത്തിലെ രാജാവിന്റെ ഏകമകൻ റോബിൻ ആണ്. അപ്പോൾ ആയാളുടെ രാജാവിന്റെ ക്രൂരമനസ്സ് അലിഞ്ഞു. രാജാവ് അവളുടെ മകളെ റോബിന് വിവാഹം ചെയ്തു കൊടുത്തു. അങ്ങനെ അവർ രണ്ട് പേരും റോബിന്റെ രാജ്യ കോട്ടാരത്തിലേക്ക് പുറപ്പെട്ടു...

*written:athiya.m.p*

*class:8B*

# മാന്ത്രിക ഭരണി

ജയ്പ്പൂർ എന്ന ഒരു ചെറിയ ഗ്രാമത്തിൽ ജിലേബി വ്യാപാരി ഉണ്ടായിരുന്നു.അവർ ജിലേബി വിറ്റായിരുന്നു ജിവിച്ചത്.അവർക്ക് ഭാര്യയും രണ്ട് പെൺമക്കളും ആണ് ഉണ്ടായിരുന്നത്.അവർ

എല്ലാദിവസവും പതിവ് പോലെ ജിലേബി ഉണ്ടാക്കാൻ തുടങ്ങി. പിന്നീട് അവന്റെ ഭാര്യ ആ ജിലേബി സൈക്കിളിൽ വച്ചു   കൊടുത്തു അവർ അങ്ങനെ ആ ഗ്രാമം മുഴവൻ ചുറ്റി. പക്ഷെ അന്നത്തെ

ദിവസം അവൻ കച്ചവടമൊന്നും ഉണ്ടായിരുന്നില്ല.

എന്നിട്ട് അവൻ തിരിച്ച് വിട്ടിലേക്ക് വരുന്ന വഴിയിൽ

ഭക്ഷണം കിട്ടാതെ കുറച്ച് പേർ കരയുന്നത് അവൻ കണ്ടു അവൻ അവന്റെ സൈക്കിളിൽ നിന്ന് ജിലേബി

എടുത്ത് അവർക്ക് കൊടുത്ത് അവർ സന്തോഷത്തോടെ അത് വാങ്ങി കഴിച്ചു. അവനും സന്തോഷത്തോടെ സൈക്കിളിൽ കയറി പോകുന്നവഴിൽ അവന് ഒരു ചെറിയ ഭരണി കിട്ടി അത് ഒരു ചെറിയ ഭരണി ആയിരുന്നു അത്  അവൻ എടുത്ത് വീട്ടിൽ കൊണ്ട് പോയി പിറ്റേ  ദിവസം അവന്റെ ഭാര്യ അതിൽ ജിലേബി ഇട്ടപ്പോൾ ഒരു ജിലേബിക്ക് പകരം ആ ഭരണി നിറയെ അവർക്ക് ജിലേബി കിട്ടി.ആ ജിലേബി വളരെയേറേ രുചിയുണ്ടായിരുന്നു.അങ്ങനെ അവർ പതിയെ പതിയെ കാശുള്ളവരായി മാറി.എന്നിട്ടും അവൻ അവന്റെ ജിലേബി വ്യാപാരം നിർത്തിയില്ല.

# ദുഷ്ടരായ കൂട്ടുകാർ

ദുഷ്ടരായ കൂട്ടുകാർ

ഒരു സ്കൂൾ എട്ടാം ക്ലാസിൽ പഠിക്കുന്ന കുറച്ച് കുട്ടികൾ ഉണ്ടായിരുന്നു. അവർ എല്ലാവരും സുഹൃത്തുക്കൾ ആയിരുന്നു. അതിൽ ഒരാൾ പാവമായിരുന്നു. അവന്റെ പേര് രാജു. അവന്റെ വീട്ടിൽ അവന്റെ അമ്മയും അവനും മാത്രമേയുള്ളു. അങ്ങനെ ഒരു ദിവസം സ്കൂൾ വിട്ട് പോകുമ്പോൾ അവന്റെ കൂട്ടുകാർ പറഞ്ഞു. രാജു നമുക്കിന്ന് കടൽ കാണാൻ പോയാലോ? അവൻ പറഞ്ഞു ഞാൻ വരുന്നില്ല. എന്റെ അമ്മ വീട്ടിൽ ഒറ്റയ്ക്കാകും. അവന്റെ കൂട്ടുകാർ പറഞ്ഞു അത് സാരമില്ല നമുക്ക് വേഗം വരാം . അപ്പോൾ അവൻ പറഞ്ഞു എങ്കിൽ ഞാൻ വരാം.അവർ വൈകുന്നേരം കടൽ കാണാൻ പോയി. 8മണിയായിട്ടും അവർ വന്നില്ല. ആ കൂട്ടുകാർ അവനെ കടലിന്റെ അടുത്തുള്ള ഒരു കുടിലിൽ പൂട്ടിയിട്ടുപോയി. അപ്പോൾ അവന്റെ അമ്മ അവനെ തിരയാൻ പോയി. അപ്പോൾ അവനെ കിട്ടിയില്ല. അവൻ അമ്മേയെന്ന് വിളിക്കുന്നത് അമ്മ കേട്ടു. അമ്മ അങ്ങോട്ട് പോയി അവനെ തുറന്നുവിട്ടു. വീട്ടിൽ പോയി. പിന്നെ അവൻ ആ ചതിച്ച കൂട്ടുകേരോട് കൂട്ട് കൂടിയില്ല. അവർ അവനെ പിന്നെ ഉപദ്രവിക്കാൻ തുടങ്ങി. അവൻ അത് ഒന്നും കാര്യമാക്കിയില്ല. അവനാണ് അവന്റെ ക്ലാസിലെ ടോപ്പ്. അവന് അങ്ങനെ മറ്റൊരു കൂട്ടുകാരെ കിട്ടി. സന്തോഷത്തോടെ കഴിഞ്ഞു.

hafis ck

# നിലാവിലെ പ്രണയം

രാത്രിയുടെ ഇ◌ൗ യാമങ്ങളിൽ നിനക്കായ്,എനിക്കായ്
നാം ഒരുമിച്ചു നെയ്ത്ത സ്വപ്നങ്ങളെലാം
നിലാവിനെ കാർമേഘം മൂടും പോൽ
ചില ഉത്തരമില്ലാത്ത ചോദ്യങ്ങളും
അർദ്ദഹീനമായ ചിന്തകളും വന്നു മൂടുന്നു
ഞാൻ നിശയിലെ നിലാവാകുന്നു
നീ നിശാകേതുവും
നിശാകേതു ഇല്ലാതെ എന്ത് നിലാവ്
നീ ഇല്ലാതെ എന്തു ഞാൻ
ഞാൻ എന്നാനൽ നിന്നിലെ അംശമാകുന്നു
നിനക്കായ് ജന്മം കൊണ്ട് നിനക്കായി മരിക്കുന്നവൾ
നിശയ്ക്കു മുമ്പേ നിലാവ് മറയുന്നു
എന്തെന്നാൽ ,
അതുതന്നെയാകുന്നു പ്രഭഞ്ച നിയമം
അതിനാൽ തന്നെ നിനക്കുമുമ്പേ
ഞാനും ഇതാ മറയുന്നു
ഇനി രാത്രികാലങ്ങളിൽ ആ ലിശാപതി
നിലാവ് പടർത്തില്ല , കാർമേഘങ്ങളാൽ
മൂടപ്പെട്ടിരിതക്കുവാ നിശാകേതുനിലാവ് മറഞ്ഞി
രിക്കുന്നു,ഇനി നിശമാത്രവും
അദ്ദകാരത്തിന്റെ ആഴങ്ങളിലേക്ക്  ആഴങ്ങളിലേക്ക്


അനിഖാ.കെ
8.ബി

# പൂവിതൾ

പൂത്തുലഞ്ഞ് നിന്ന പുഷ്പം

പുഞ്ചിരിച്ച് നിൽക്കുമ്പോൾ

കാറ്റിൻ കൂടെ മൂളി വന്ന ചിത്രശലഭങ്ങളുടെ

കൊഞ്ചലും   അങ്കണമുറ്റത്ത് ഞാൻ

കേട്ടുകൊണ്ട്ഇരിക്കുമ്പോൾ

പുഷ്പവാടി ചൊല്ലുന്നു

എൻ മാനസം നിറഞ്ഞല്ലോ...

എന്നെന്നും ഓർത്തിരിക്കാൻ ഈ കാഴ്ച  മതിയല്ലോ

പൊൻ തൂവൽ പന്തൽ പണിത  പൂന്തിങ്കളാണല്ലോ

തേൻകനി പൂവിട്ട , പൂന്തിങ്കളാണല്ലോ

പട്ടുടുപ്പിട്ട പൊൻ  പൂമ്പാറ്റയാണല്ലോ എൻ മലർവാടിയിൽ

രചന:വർണ ഇ.വി

8B

# ഭാരതം

എന്റെ  ഭാരതം

ചരിത്ര  മാത്രകം

നമ്മൻളൊന്നായിരിക്കണം ഭൂമിയിൽ {2}

ഹിന്ദുവെന്നില്ല മുസ്ലീംമെന്നില്ല

കൈ പിടിച്ച്  ശത്രുക്കളെ അടിച്ചമർത്തം

എന്റെ  ഭാരതം ചരിത്ര  മാത്രകം

ചോരക്കളി വേണ്ട  ആക്രമം വേണ്ട

രാഷ്ട്രീയവ കൊലകളൊന്നും നമ്മളിൽ വേണ്ട{2}

വേണ്ട വേണ്ട  വേണ്ട  വേണ്ട യുദ്ധാ ഭാരതം{4}

* _______*________*________*

# മനോഭാവ നിമിഷം

പ്രകൃതിയെൻ മനോഭാവത്തി-
ലണയുന്ന മനുഷ്യനോ
എൻ തണലിൽ ചാഞ്ഞിരിക്കു-
മ്പോഴുള്ള സംഗീതമോ..

പൂക്കളെൻ വിരൽ തുമ്പി
ലണയുന്നേരം
വീഴ്ചയെൻ മനസ്സിലെ-
ങ്ങോ അലയുന്നേരം

അവിടെയെൻ കുഴി-
തുറന്നിരിക്കുവിൻ
ഇവിടെയെൻ കുഴി-
മൂടിയിരിക്കുവിൻ

മനോഭവ നിമിഷങ്ങൾ
ഒരോന്നും കടന്ന് പോകുന്നേരം
മനുഷ്യനാണിത് എന്ന്
എൻ മനോഭാവത്തിനറിയാം

# പരസ്പരം

കാലത്ത് രഥചക്രം കുതിച്ച് മുന്നേറുന്നു.
വാർധക്യം കിതച്ചു കിതച്ചു പിടയുന്നു
സഫലമകാത്ത ജീവിത സായാഹ്നങ്ങൾ
തേങ്ങിക്കൊണ്ടിന്നീ മണ്ണിൽ നിശ്ശബ്ദത പൊലിയുന്നു
ആണ്ടിൽ ഓരോണത്തിന് വന്നീടുന്നു.
മക്കൾ അച്ഛനും അമ്മയ്ക്കുമായ്
മക്കൾ തന്നുടെ മക്കൾ കസൃത്ക്കുരുന്നുകൾ.
തിരുമുറ്റൊരു പൂക്കളം തീർക്കുന്നു.
മൂവാണ്ടൻമാവിൻ കൊമ്പിൽ മുത്തശ്ശിക്കും
കേൾക്കാൻ കാതൂതന്നിരിപ്പതും.
എന്നൊക്കെ ഞങ്ങൾ സ്വപ്നം കണ്ടു.
ടീവിയും കാറും ഇല്ലാത്ത വീട്ടിൽ.
ഒടുവിൽ എല്ലാവരും പടിയിറങ്ങുന്നു.
തൻ ഫ്ലോറുകളിൽ അപയം പ്രാപിക്കുന്നു.

നക്ഷത്ര.കെ 8-A

# കിണർ മനുഷ്യൻ

കിണർ പോലെ മനുഷ്യർ
ആഴം കൂടിയവരും
ആഴം കുറഞ്ഞവരും
വെള്ള മില്ലാത്തവരും
വെള്ള മുള്ളവരും
വറ്റിവരണ്ടു പോയവരും
ആഴങ്ങളിലേക്കെത്തി
നോക്കേണ്ടതില്ലാത്തി
കിണർ പോലെ മനുഷ്യർ

WRITTER: ABHINA KRISHNAN
CLASS: 9
SCHOOL :G H S S KOYYAM

# കുറുക്കനെ ഭക്ഷിച്ച സിംഹം

പണ്ട് പണ്ട് ഒരു കാടിൽ ഒരുകുറുക്കനും സിംഹവും ഉണ്ടാ
അവർ രണ്ടു പേരും വളരെ വലിയ ചങ്ങാതിമാരായിരു
അവരുടെ സൗഹൃദം അധിക നാളുകളൊന്നും
നിന്നില്ല കാരണം ഈ കുറുക്കന് ഒരു സുഹൃത്തും ഉണ്ടായിരു
അവനാണ് കടുവ. പക്ഷെ കുറുക്കൻ കടുവയോട് അധികസമയ
ചിലവഴിക്കില്ലായിരുന്നു കാരണം അവിടെയുള്ള ചെറിയ ചെറിയ
മൃഗങ്ങളെ ഭയപ്പെടുത്തുമായിരുന്നു. ഒരു ദിവസം സിംഹത്തിന്റെ
ഗുഹയിലുണ്ടായിരുന്ന മാംസം കട്ടുത്തിന്നാൻ ശ്രമിച്ച കുരുക്കനെ
സിംഹത്തിനെ ദേഷ്യം വന്നു ആ നിമിഷം തന്നെ സ്വന്തം
സുഹൃത്താണെന്നുപോലും നോക്കാതെ ആ കുറുക്കനെ ഭക്ഷിച്ചു

-ശിഖിൽ രമേശൻ